©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജൂൺ 1<br>1st June 2021<br>1196 ഇടവം 18<br>18th Idavam 1196<br>1943 ജ്യേഷ്ഠം 11<br>11th Jyaishta 1943 | നമ്പർ<br>No. | 22 |

# PART III

# Police Department

NOTIFICATION

No. A5/165250/2020/PHQ. *5th June 2021.*

The following is the Select List of Senior Grade Assistants fit for promotion as Senior Superintendents/ Managers, State Special Branch for the year 2021 prepared by the Departmental Promotion Committee (Lower) held on 12-1-2021, was approved by the Government vide letter No. N1/24/2021-Home dated 17-2-2021.

**Select List of Senior Grade Assistants for the year 2020 (for the vacancies in 2021).**

(1) Nirmala Sebastian

(2) Nisha, V. S.

Police Headquarters,
Thiruvananthapuram.

LOKNATH BEHERA IPS,
*State Police Chief.*

Gaz. No. 22/2021/DTP (Police).

ലേലപ്പരസ്യം

(1)

നമ്പർ ഇ2(എ)-60099/2020/ഇ. 2021 മേയ് 25.

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കളമശ്ശേരി സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ KL 01 AX 7426 Tata winger വാഹനം 2021 ജൂൺ മാസം 24-ാം തീയതി രാവിലെ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് Covid-19 മാനദണ്ഡങ്ങൾ എല്ലാം പാലിച്ച് കൊണ്ട് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

വാഹന രജിസ്ട്രേഷൻ നമ്പർ—KL 01 AX 7426 Tata winger.

മോഡൽ—2010.

നിരതദ്രവ്യം—₹ 4,000.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റ്

കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത് കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റ് കാര്യാലയത്തിൽ സ്വീകരിക്കുന്നതും ദർഘാസിൽ "ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻ തന്നെ ലേല തുകയുടെ പകുതി സംഖ്യയും (നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതും 10 ദിവസത്തിനകം ബാക്കി ലേലത്തുക മുഴുവൻ അടയ്ക്കേണ്ടതും ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ഏൽപ്പിക്കേണ്ടതുമാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാകുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും.

ലേല വസ്തുക്കൾ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കളമശ്ശേരി സായുധ സേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

(2)

നമ്പർ ഇ2(എ)-11077/2020/ഇ. 2021 മേയ് 25.

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കളമശ്ശേരി സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ 564 ടയർ, 135 ട്യൂബ്, 13 ഫ്ളാപ്പ് എന്നിവ 2021 ജൂൺ മാസം 30-ാം തീയതി രാവിലെ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ₹ 3,554 നിരതദ്രവ്യമായി കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റ് കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റ് കാര്യാലയത്തിൽ സ്വീകരിക്കുന്നതും ദർഘാസിൽ "മോട്ടോർ വാഹനങ്ങളുടെ ഉപയോഗ ശൂന്യമായ സ്പെയർ പാർട്ട്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻ തന്നെ ലേല തുകയുടെ പകുതി സംഖ്യയും (നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതും 10 ദിവസത്തിനകം ബാക്കി ലേലത്തുക മുഴുവൻ അടയ്ക്കേണ്ടതും ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ഏൽപ്പിക്കേണ്ടതുമാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാകുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും.

ലേല വസ്തുക്കൾ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കളമശ്ശേരി സായുധ സേനാ കമാൻണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office, Ernakulam Rural.

Karthick K. IPS,
*District Police Chief.*



Salim A Digitally signed by Salim A
Date: 2021.07.16 13:52:50 +05'30'